# <u>പത്രക്കുറിപ്പ്</u>

## <u>വന്യജീവി വാരാഘോഷം 2009</u>
## വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ

കേരള വനംവകുപ്പ് 2009 വർഷത്തെ വന്യജീവി വാരാഘോഷം വിപുലമായ പരിപാടികളോടെ ഒക്ടോബർ 2 മുതൽ 8 വരെ ആചരിക്കുകയാണ് ഔപചാരികമായ ഉദ്ഘാടനം ഒക്ടോബർ 2–ാം തിയതി രാവിലെ എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും. സമാപനം ഒക്ടോബർ 8–ാം തീയതി വയനാട്ടിൽ വെച്ചായിരിക്കും. വന്യജീവി സംരക്ഷണ സന്ദേശം പ്രചരിപ്പിക്കുന്നതിനും പൊതുജന അവബോധം വളത്തുന്നതിനും മുൻവർഷങ്ങളിലെപോലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഒക്ടോബർ 2,3 തീയതികളിലാണ് ജില്ലാതല മത്സരങ്ങൾ. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയേയും വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിൻറിംഗ് എന്നീ ഇനങ്ങളിലും ഹൈസ്ക്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ് വാട്ടർ കളർ പെയിൻറിംഗ് എന്നീ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നു . എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത സ്വാശ്രയ സ്കൂളുകളിലെയും കോളേജുകളിലെയും പ്രൊഫഷണൽ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് അതാത് സ്കൂൾ കോളേജ് അധികാരിയുടെ (പേര്, ക്ളാസ് പങ്കെടുക്കുന്ന ഇനം ഇവ വ്യക്തമാക്കുന്ന) സാക്ഷ്യപത്രത്തിൻെറ വെളിച്ചത്തിൽ വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം . പ്ളസ് 1, പ്ളസ് 2, വൊക്കേഷണൽ ഹയർ സെക്കൻ്ററി തലം മുതൽ മുകളിലോട്ടുള്ളവർക്ക് കോളേജ് വിഭാഗത്തിൽ മത്സരിക്കാം. 2 പേർ അടങ്ങുന്ന ഒരു ടീം ആയിരിക്കണം ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. മറ്റു മത്സരങ്ങൾക്ക് ഒരു സ്ഥാപനത്തെ പ്രതിനിധീകരിച്ച് രണ്ടുപേർക്ക് വരെ മത്സരത്തിൽ പങ്കെടുക്കാം. മത്സരങ്ങളുടെ മാധ്യമം മലയാളമായിരിക്കും. ഓരോ ഇനത്തിലേയും ആദ്യത്തെ 3 സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. ജില്ലാതല മത്സരത്തിൽ പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിൻറിംഗ് ഉപന്യാസം എന്നിവയുടെ 1–ാം സ്ഥാനക്കാരുടെ രചനകൾ സംസ്ഥാനതല വിജയികളെ നിർണ്ണയിക്കാനായി അയച്ചുകൊടുക്കുന്നതാണ്. ജില്ലാതലമത്സരത്തിൽ മറ്റിനങ്ങളിൽ ഒന്നാംസ്ഥാനം നേടുന്നവർ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. സംസ്ഥാനതല

മത്സരത്തിൽ പങ്കെടുക്കുന്നവർക്കും ഒപ്പം വരുന്ന ഒരു രക്ഷാകർത്താവിനും ഭക്ഷണവും താമസസൗകര്യവും രണ്ടാം ക്ളാസ് യാത്രാക്കൂലിയും നൽകുന്നതാണ്.

**ജില്ലാതലമത്സരങ്ങളുടെ സമയവിവരം**

2–10–09 (വെള്ളി) – രാവിലെ 8–45 മണി മുതൽ – രജിസ്ട്രേഷൻ

9–30 മണിമുതൽ 11–30 വരെ – പെൻസിൽ ഡ്രോയിംഗ്

11–45 മണിമുതൽ 12–45 വരെ – ഉപന്യാസം

2–15 മണിമുതൽ 4–15 വരെ – വാട്ടർ കളർ പെയിൻറിംഗ്

3–10–09 (ശനി) രാവിലെ 9.30 മണി മുതൽ – രജിസ്ട്രേഷൻ

10.00 മണിമുതൽ 1.00 വരെ – ക്വിസ്

2.00 മണിമുതൽ 4.00 വരെ –പ്രസംഗം

കൂടുതൽ വിവരങ്ങൾക്ക് ഇടപ്പള്ളിയിലുള്ള എറണാകുളം സോഷ്യൽ ഫോറസ്റ്ററി അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഫോൺ : 0484–2344761

ഒപ്പ്

അസി. കൺസർവേറ്റർ ഫോറസ്റ്റ്
സോഷ്യൽ ഫോറസ്റ്ററി എറണാകുളം